ഭരണഭാഷ-മാതൃഭാഷ

ഹയർ സെക്കന്ററി ഡയറക്ടറുടെ
കാര്യാലയം ഹൗസിംഗ് ബോർഡ്
ബിൽഡിംഗ്സ്, ശാന്തിനഗർ,
തിരുവനന്തപുരം

എഡി.ബി2/2701/എച്ച്.എസ്.ഇ/2008 തീയതി : 26.06.2013

# സർക്കുലർ

വിഷയം: ഹയർസെക്കന്ററി വിദ്യാഭ്യാസ വകുപ്പ് - ഡിപ്പാർട്ട്മെന്റൽ അദ്ധ്യാപകരുടെ തസ്തികമാറ്റ നിയമനം - യോഗ്യതാ സർട്ടിഫിക്കറ്റ് പരിശോധനയും, കോൺഫിഡൻഷ്യൽ സർട്ടിഫിക്കറ്റ് സമർപ്പിക്കലും സംബന്ധിച്ച് -

സൂചന : ഈ ഓഫീസിൽ നിന്നും 10.06.2013 തീയതി പ്രകാരം പുനഃക്രമീകരിച്ച് പ്രസിദ്ധീകരിച്ച അന്തിമ സീനിയോറിറ്റി ലിസ്റ്റ്

സൂചന പ്രകാരം പ്രസിദ്ധീകരിച്ച അന്തിമ സീനിയോറിറ്റി ലിസ്റ്റിൽ നിന്നും യോഗ്യരായ അദ്ധ്യാപകരുടെ സർട്ടിഫിക്കറ്റ് പരിശോധന നടത്തുന്നതിനും കോൺഫിഡൻഷ്യൽ റിപ്പോർട്ട് (സി.ആർ) സമർപ്പിക്കുന്നതിനും 2013 ജൂലൈ 1 മുതൽ 10 വരെയുള്ള തീയതികളിൽ ഹയർസെക്കന്ററി ഡയറക്ടറേറ്റിന് സമീപത്തുള്ള തിരുവനന്തപുരം, ഗവൺമെന്റ് മോഡൽ ഹയർസെക്കന്ററി സ്കൂളിൽ രാവിലെ 10 മണിക്ക് എത്തിച്ചേരേണ്ടതാണ്. സർട്ടിഫിക്കറ്റ് പരിശോധന ജൂലൈ 1 മുതൽ 10 വരെയുള്ള തീയതികളിൽ രാവിലെ 10 മുതൽ വൈകുന്നേരം 4 മണിവരെയാണ് നിശ്ചയിച്ചിരിക്കുന്നത്. ഹാജരാകേണ്ട അദ്ധ്യാപകർ വിഷയാടിസ്ഥാനത്തിൽ ഏതെല്ലാം ദിവസങ്ങളിൽ ഹാജരാക്കണമെന്ന് താഴെ പറയുന്നു. നിശ്ചിത തീയതിയിലും, സമയത്തും വെരിഫിക്കേഷന് ഹാജരാകാത്ത അദ്ധ്യാപകരുടെ പേര് പ്രമോഷൻ സീനിയോറിറ്റി ലിസ്റ്റിൽ നിന്നും ഒഴിവാക്കുന്നതാണ്. നിർദ്ദിഷ്ട തീയതിക്ക് ശേഷം യാതൊരു കാരണവശാലും സർട്ടിഫിക്കറ്റ് പരിശോധനയ്ക്ക് വിധേയമാക്കുന്നതല്ല.

| | തീയതി | വിഷയം | പരിശോധനയ്ക്ക് ഹാജരാകേണ്ട അദ്ധ്യാപകരുടെ വിവരം |
|---|---|---|---|
| | 2013 ജൂലൈ 1 | ഇംഗ്ലീഷ് | 2011 വർഷത്തെ എച്ച്.എസ്.എ സീനിയോറിറ്റി ലിസ്റ്റിലെ 1 മുതൽ 100 വരെയുള്ള അദ്ധ്യാപകർ |
| | 2013 ജൂലൈ 2 | ഇംഗ്ലീഷ് | 2011 വർഷത്തെ എച്ച്.എസ്.എ സീനിയോറിറ്റി ലിസ്റ്റിലെ 101 മുതൽ 200 വരെയുള്ള അദ്ധ്യാപകർ |
| | 2013 ജൂലൈ 3 | 1. സ്റ്റാറ്റിസ്റ്റിക്സ് | 2011 -ലെ എച്ച്.എസ്.എ സീനിയോറിറ്റി ലിസ്റ്റിലെ 1 മുതൽ 21 വരെയുള്ള അദ്ധ്യാപകർ |
| | | 2. സോഷ്യോളജി | 2008 -ലെ സീനിയോറിറ്റി ലിസ്റ്റിലെ 1 മുതൽ 40 വരെയുള്ള അദ്ധ്യാപകർ |
| | | 3. റഷ്യൻ | 2009-ലെ എൽ.പി /യു.പി സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെട്ട അദ്ധ്യാപകൻ |

| | | | |
|---|---|---|---|
| | 2013 ജൂലൈ 4 | 4. ഇക്കണോമിക്സ് | 2010-ലെ എച്ച്.എസ്.എ സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെട്ട 1 മുതൽ 126 വരെയുള്ള അദ്ധ്യാപകർ 2008 സീനിയോറിറ്റി ലിസ്റ്റ് പ്രകാരം ഉളള് എൽ.പി / യു.പി അദ്ധ്യാപകർ 1 മുതൽ 25 വരെയുള്ളവർ |
| | | ബോട്ടണി | 2011-ലെ എച്ച്.എസ്.എ സീനിയോറിറ്റി ലിസ്റ്റിലെ 1 മുതൽ 30 വരെയുള്ളവർ |
| | | ഹോംസയൻസ്, ഫിലോസഫി | ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള മുഴുവൻ അദ്ധ്യാപകരും |
| | 2013 ജൂലൈ 5 | കെമിസ്ട്രി | 2011 വർഷത്തെ എച്ച്.എസ്.എ സീനിയോറിറ്റി ലിസ്റ്റിലെ 1 മുതൽ 40 വരെയുള്ള അദ്ധ്യാപകർ |
| | | സുവോളജി | 2011 വർഷത്തെ എച്ച്.എസ്.എ സീനിയോറിറ്റി ലിസ്റ്റിലെ 1 മുതൽ 45 വരെയുള്ള അദ്ധ്യാപകർ |
| | | കമ്പ്യൂട്ടർ സയൻസ് | 2011 വർഷത്തെ എച്ച്.എസ്.എ സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെട്ട മുഴുവൻ അദ്ധ്യാപകരും |
| | | മലയാളം | 2011 വർഷത്തെ എച്ച്.എസ്.എ സീനിയോറിറ്റി ലിസ്റ്റിലെ 1 മുതൽ 162 വരെയുള്ളവർ |
| | 2013 ജൂലൈ 6 | ജ്യോഗ്രഫി | എച്ച്.എസ്.എ/എൽ.പി/യു.പി ലിസ്റ്റിൽ ഉൾപ്പെട്ട മുഴുവൻ പേരും |
| | | കോമേഴ്സ് | 2008-ലെ എൽ.പി/യു.പി ലിസ്റ്റിലെ 1 മുതൽ 8 വരെയുള്ളവർ<br>2011 എച്ച്.എസ്.എ സീനിയോറിറ്റി ലിസ്റ്റിലെ 1 മുതൽ 9 വരെയുള്ളവർ |
| | 2013 ജൂലൈ 8 | ഫിസിക്സ് | 2011-ലെ എച്ച്.എസ്.എ സീനിയോറിറ്റി ലിസ്റ്റിലെ മുഴുവൻ പേരും, 2011-ലെ എൽ.പി/യു.പി സീനിയോറിറ്റി ലിസ്റ്റിലെ മുഴുവൻ പേരും |
| | | ഹിന്ദി | 2011 വർഷത്തെ എച്ച്.എസ്.എ ലിസ്റ്റിലെ 1 മുതൽ 25 വരെയുള്ള അദ്ധ്യാപകർ |
| | | അറബിക് | 2011 വർഷത്തെ എച്ച്.എസ്.എ ലിസ്റ്റിലെ 1 മുതൽ 80 വരെയുള്ളവർ |
| | | സോഷ്യൽ വർക്ക്, ജേർണലിസം, സൈക്കോളജി, ആന്ത്രോപ്പോളജി | ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള മുഴുവൻ അദ്ധ്യാപകരും |
| | 2013 ജൂലൈ 9 | പൊളിറ്റിക്കൽ സയൻസ് | 2011 വർഷത്തെ എച്ച്.എസ്.എ സീനിയോറിറ്റി ലിസ്റ്റിലെ 1 മുതൽ 130 വരെയുള്ളവർ |
| | | ഹിസ്റ്ററി | 2011 വർഷത്തെ എച്ച്.എസ്.എ സീനിയോറിറ്റി ലിസ്റ്റിലെ 1 മുതൽ 135 വരെയുള്ളവർ |
| | 2013 ജൂലൈ 10 | മാത്തമാറ്റിക്സ് | 2011 വർഷത്തെ എച്ച്.എസ്.എ സീനിയോറിറ്റി ലിസ്റ്റിലെ 1 മുതൽ 180 വരെയുള്ള അദ്ധ്യാപകർ |
| | | സംസ്കൃതം | 2011 വർഷത്തെ എച്ച്.എസ്.എ സീനിയോറിറ്റി ലിസ്റ്റിലെ 1 മുതൽ 15 വരെയുള്ളവർ |

യോഗ്യതാ സർട്ടിഫിക്കറ്റ് പരിശോധനയ്ക്ക് വരുന്നവർ താഴെ പറയുന്ന കാര്യങ്ങൾ ഹാജരാക്കേണ്ടതാണ്.

**ഒറിജിനൽ സർട്ടിഫിക്കറ്റുകൾ**

1. നിലവിൽ ജോലി ചെയ്യുന്ന തസ്തികയിലെ (എച്ച്.എസ്.എ / യു.പി.എസ്.എ/ എൽ.പി.എസ്.എ) അഡ്വൈസ് / അപ്പോയിന്റ്മെന്റ് ഓർഡർ
2. പി.ജി, ബി.എഡ്, സെറ്റ് സർട്ടിഫിക്കറ്റുകൾ /തത്തുല്യ യോഗ്യതാ സർട്ടിഫിക്കറ്റുകൾ

3. കേരളത്തിന് പുറത്ത്ുള്ള സർവ്വകലാശാലകളിൽ നിന്നും ബിരുദം നേടിയവർ ഇക്വലൻസി സർട്ടിഫിക്കറ്റ് ഹാജരാക്കണം
4. പി.ജി മാർക്ക് ലിസ്റ്റ്
5. നിലവിലെ തസ്തികയിലുള്ള പ്രൊബേഷൻ ഉത്തരവ്
6. അന്തർജില്ലാ സ്ഥലംമാറ്റ ഉത്തരവ്
7. സർവ്വീസ് സർട്ടിഫിക്കറ്റ് (LWA ഉണ്ടെങ്കിൽ അത് വ്യക്തമാക്കുക)
8. ഐ.ഡി.റ്റി ആണെങ്കിൽ ഇപ്പോൾ ജോലി ചെയ്യുന്ന ജില്ലയിൽ പ്രൊബേഷൻ ഡിക്ലയർ ചെയ്തിട്ടുള്ള ഉത്തരവ്
9. കോൺഫിഡൻഷ്യൽ റിപ്പോർട്ട്

NB: (എ) സർട്ടിഫിക്കറ്റ് പരിശോധനയ്ക്ക് ഹാജരാക്കുന്ന അദ്ധ്യാപകരുടെ സി.ആർ (കോൺഫിഡൻഷ്യൽ റിപ്പോർട്ട് - ഫോറം 2(എ)) ജൂലൈ 10-ാം തീയതി വൈകുന്നേരം 5 മണിക്ക് മുൻപായി ഡയറക്ടറേറ്റിൽ എത്തിക്കേണ്ടതാണ്. അവസാനത്തെ 3 കലണ്ടർ വർഷത്തെ കോൺഫിഡൻഷ്യൽ റിപ്പോർട്ടും, 2013-ലെ ജൂൺ മാസം വരെയുള്ള റിപ്പോർട്ടും Reporting Officer-ഉം Relieving Officer-ഉം ഒപ്പിട്ടതും പൂർണ്ണമായി എല്ലാ കോളങ്ങളും പൂരിപ്പിച്ചതുമായിരിക്കണം. ഇവകൂടാതെ ഓരോ വർഷത്തെയും Self assessment report-ഉം സമർപ്പിക്കേണ്ടതാണ്.

(ബി) ബൈട്രാൻസ്ഫർ പ്രമോഷന് വേണ്ടി പുനഃക്രമീകരിച്ച ലിസ്റ്റ് 10.06.2013-ൽ പ്രസിദ്ധീകരിക്കുകയുണ്ടായി. ലഭ്യമാകുന്ന സൈറ്റ് www.hscap.kerala.gov.in/promotion

(ഒപ്പ്)
കേശ്വേന്ദ്രകുമാർ ഐ.എ.എസ്
ഡയറക്ടർ

23/Jay/26.06.13